"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ- ശ്രീമതി രമ്യ പി.പി, പൂക്കാട് ഹൗസ്, ഏങ്ങണ്ടി പി ഒ, വടക്കുമുറി , തൃശ്ശൂർ നെ ലൈഫ് ഭവന പദ്ധതിയുടെ 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപെടുത്തുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2796/2022/LSGD തീയതി,തിരുവനന്തപുരം, 14-11-2022

പരാമർശം:-

1 കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ 12/08/2022 ലെ OP(RPwD) No. 3400/S3/2022 നമ്പർ ഉത്തരവ്

2 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 111.10.2022 ലെ എൽ.എം5/2430/2022/2579 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരിയും, പട്ടികജാതിക്കാരിയുമായ ശ്രീമതി രമ്യ പി.പി., പൂക്കാട്ട് ഹൗസ് , എങ്ങണ്ടി പി.ഒ , വടക്കുമുറി എന്ന വീട്ടമ്മക്ക് സാങ്കേതിക കാരണങ്ങളാൽ ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ആനുകൂല്യം നിഷേധിച്ചു എന്ന പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സംസ്ഥാന ഭിന്നശേഷി കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും, ശ്രീമതി. രമ്യ,പി.പി യെ ലൈഫ് മിഷൻ 2020 സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രത്യേക അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ശ്രീമതി. രമ്യ,പി.പി യെ ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്താൻ അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഈക്കാര്യം വിശദമായി പരിശോധിച്ചു . തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിലെ ശ്രീമതി രമ്യ പി.പി., പൂക്കാട്ട് ഹൗസ് , എങ്ങണ്ടി പി.ഒ , വടക്കുമുറി യെ ലൈഫ് ഭവന പദ്ധതിയുടെ 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപെടുത്തുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

സംസ്ഥാന ഭിന്നശേഷി കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ഡയറക്ടർ(റൂറൽ),തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം

ശ്രീമതി രമ്യ പി.പി ,പൂക്കാട് ഹൗസ്, ഏങ്ങണ്ടി പി ഒ, വടക്കുമുറി , തൃശ്ശൂർ
ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ഇ)/ഓഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sheeba S C
Date: 14-11-2022 14:07:30
സെക്ഷൻ ഓഫീസർ